വിഷയം: കേരളീയ നവോത്ഥാനവും മാനവികതയും.

## മാനവികതയിലൂടെ കേരളം നേടിയ നവോത്ഥാനം: ഇന്ന്, ഇന്നലെ, നാളെ.

സാമൂഹിക-വൈജ്ഞാനിക ആരോഗ്യ രംഗങ്ങ-ളിൽ ഇന്ന് ഭാരതത്തിലെ തന്നെ മികച്ച സംസ്ഥാനമാണ് കേരളം. സമ്പൂർണ്ണ സാക്ഷരതയെന്ന അഭിമാന നേട്ടത്തിന് ശേഷം 2025ൽ - മുഖ്യമന്ത്രി കേരളത്തെ അതിദാരിദ്ര്യ വിമുക്ത സംസ്ഥാനമായി കൂടി പ്രഖ്യാപിച്ചുവെന്നത് നമ്മുടെ നാടിന്റെ വിജയമാണ്.

## മലയാളിയും മാനവികതയും:

സാമൂഹ്യ-രാഷ്ട്രീയ കാര്യങ്ങളിൽ വ്യക്തവും വിഭിന്നവുമായ അഭിപ്രായം പുലർത്തുമ്പോഴും പ്രതിസന്ധിഘട്ടങ്ങളിൽ മലയാളികൾ എപ്പോഴും സഹോദരങ്ങൾ തന്നെ. 2018-19ൽ നാടിനെ മുക്കിയ പ്രളയത്തിലും വയനാട്ടിലെ ചൂരൽമല ദുരന്തത്തിലുമൊക്കെ വെളിവായതും ഒരു ചെറു രോഗാണുവിനെ ഭയന്ന് മനുഷ്യൻ മുറിയടച്ചിരുന്ന

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

കാലത്ത് അസുഖബാധിതരായ - തൊഴിൽ നഷ്ട
പ്പെട്ട സഹോദരങ്ങൾക്ക് നാം ചെയ്ത സഹായവുമെല്ലാം
ഒരു പ്രതിസന്ധിക്കും തളർത്താനാവാത്ത കേരളത്തിന്റെ
ജനമനസ്സുകളിൽ തുടിക്കുന്ന മാനവികതയുടെ -
സഹോദര്യത്തിന്റെ - അനുകമ്പയുടെ പ്രതീകമല്ലാതെ
മറ്റെന്താണ്. മനുഷ്യൻ മനുഷ്യന്റെ ഉന്നമനത്തിനായി
അവകാശസംരക്ഷണത്തിനായി നീതിക്കായി നടത്തുന്ന
പ്രയത്നമാണ് മാനവികതയെങ്കിൽ, ആ മാനവികത-
യാണ് വിവേകാനന്ദൻ ഭ്രാന്താലയമെന്ന് വിളിച്ച
ഈ ദേശത്തെ സാക്ഷര സുന്ദരമായ ദൈവത്തിന്റെ
സ്വന്തം നാടായി പരിവർത്തനം ചെയ്തത്.

## പുതിയ ഉണർവ്വ്

നവോത്ഥാനമെന്നത് വാക്കിന്റെ അർത്ഥം
സൂചിപ്പിക്കുന്നതുപോലെ പുതിയൊരു ഉണർവ്വാകുന്നു.
കലാ-സാംസ്കാരിക - സാമൂഹ്യ സുരക്ഷ രംഗങ്ങളിൽ
കാലാന്തരത്തിൽ ചാക്രികമായി ജനമനസ്സുകളിൽ
കടന്നു വരുന്ന ഈ ഉണർവ്വാണ് മനുഷ്യരാശിയെ
ആകെ മുന്നോട്ട് നയിച്ചത്. ചില നവോത്ഥാനങ്ങൾ
ശാസ്ത്ര പുരോഗതി നൽകുമ്പോൾ മറ്റു ചിലത്

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

സാമൂഹിക തിന്മകളെ തൂത്തെറിയുന്നു. മാനവികതയുടെ ഏറ്റവും മധുവാർന്ന ഫലമെന്ന് കൂടി പല നവോത്ഥാനങ്ങളെയും വിശേഷിപ്പിക്കാം.

## അവകാശങ്ങൾക്കായ് അണിചേർന്ന്...

തീണ്ടലും തൊടീലുമായി മനുഷ്യനെ മനുഷ്യത്വമില്ലാതെ മതങ്ങളുടെ മതിൽക്കെട്ടിൽ മാറ്റിനിർത്തിയ മതിഭ്രമത്തിന്റെ ഒരു കാലമുണ്ടായിരുന്നു ഈ കേരളത്തിന്. കുടിയാന് നിലത്ത് കുഴികുത്തി കഞ്ഞികൊടുത്ത ജന്മിപരമ്പരയിൽ മാനവികത കണ്ടുകിട്ടുക അതികഠിനം തന്നെ. പകലന്തിയോളം പണിയെടുത്ത് രാത്രി ഒരു കുമ്പിൾ കഞ്ഞിക്കായി അലയവെ തങ്ങൾ കൊയ്ത നെല്ല് ജന്മി കരിചന്തയിൽ മറിച്ചു വിറ്റതു കണ്ട് രോഷം തോന്നിയ തകഴിയുടെ കോരനെപ്പോലെ, അനേകം ജനങ്ങൾക്ക് തോന്നിയ, ഉള്ളിൽ ഉണർന്ന മാനവികതയുടെ പരിണാമമായിരുന്നു കേരളത്തിലെ നവോത്ഥാനങ്ങൾ. എന്തൊക്കെയാണ് മനുഷ്യന് വേണ്ട അടിസ്ഥാന അവകാശങ്ങൾ, ഭക്ഷണം, വിദ്യാഭ്യാസം, അഭിപ്രായസ്വാതന്ത്ര്യം, തുല്യത, പരിരക്ഷ

എന്തിന് സ്ത്രീകൾക്ക് മാറുമറയ്ക്കുവാൻ പോലും സമരം ചെയ്യേണ്ട അവസ്ഥ കേരളത്തിലുണ്ടായി.

## വിദ്യാധനം

മാനവികമൂല്യങ്ങൾ ഒരു ജനസമൂഹത്തിന് ഉണ്ടാക്കുന്നതിൽ വലിയൊരു പങ്കാണ് വിദ്യാഭ്യാസത്തിനുള്ളത്. ജന്മിയും കുടിയാനും രണ്ട് വർഗ്ഗങ്ങളല്ല മനുഷ്യനെന്ന ഒറ്റ ഷ് സൃഷ്ടിയാണെന്ന ബോധം കേരളീയ സമൂഹത്തിൽ ജനിപ്പിക്കുന്നതിൽ വിദ്യാഭ്യാസം ഷച്ച വഹിച്ച പങ്ക് അനുപമമാണ്. എന്നാൽ ആ അവകാശം നേടുന്നതിനും ജനങ്ങളെ ശാക്തീകരിക്കാൻ നമ്മുടെ നവോത്ഥാന നായകന്മാർക്ക് ഏറെ ശ്രമം ചെയ്യേണ്ടി വന്നിട്ടുണ്ട്.

വിദ്യ തേടിയെത്തിയ പഞ്ചമി എന്ന പെൺകുട്ടിയെ ജാതിയുടെ പേരിൽ പടിയിറക്കി വിട്ടപ്പോൾ, 'ഞങ്ങളുടെ കുട്ടികളെ പള്ളിക്കൂടത്തിൽ കയറ്റാതെ ഞങ്ങൾ പാടത്തു പണിക്കിറങ്ങില്ല' എന്ന് ധൈര്യത്തോടെ വിളിച്ചു പറഞ്ഞ അയ്യങ്കാളിയിൽ നമുക്ക് കാണാൻ കഴിയുന്നത് മാനവികതയും അതിലൂന്നി യുവാക്കളിൽ മുളപൊട്ടിയ

നവോത്ഥാനത്തെയുമാണ്. വിദ്യാഭ്യാസത്തിനായി മാത്രമല്ല വിവിധതലങ്ങളിൽ കേരളീയരുടെ അവകാശങ്ങൾക്കായി പോരാടിയ സാമൂഹ്യ-പരിഷ്കർത്താവാണ് മഹാത്മ അയ്യങ്കാളി. വില്ലുവണ്ടി സമരവും മറ്റും കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിൽ അത്രമേൽ പ്രസിദ്ധവുമാണല്ലോ.

## സ്ത്രീസമരങ്ങൾ

മേൽപറഞ്ഞതുപോലെ ഇന്ന് സ്ത്രീസുരക്ഷയിൽ, ലിംഗസമത്വത്തിൽ അഭിമാനം കൊള്ളുന്ന കേരളീയ സമൂഹത്തിൽ ഒരുകാലത്ത് മാറുമറയ്ക്കുവാനുള്ള അവകാശത്തിനു തന്നെയും സ്ത്രീകൾക്ക് സമരം ചെയ്യേണ്ടി വന്നിട്ടുണ്ട്. ചാന്നാർ സ്ത്രീകളുടെ സമരവും കല്ലുമാല സമരവുമൊക്കെ ഇത്തരത്തിൽ നവോത്ഥാന സമരങ്ങൾക്കിടയിൽ സ്ത്രീകളുടെ അവകാശ സംരക്ഷണത്തിനായി പിറവി കൊണ്ടവയാണ്.

ഒരുകാലത്ത് തങ്ങളുടെ മാനം സംരക്ഷിക്കാൻ മേൽമുണ്ടുടുക്കുക എന്നത് ഉയർന്ന ജാതിയിലെ കുലീനരെന്ന് സ്വയം വിളിച്ച് നടന്ന

സ്ത്രീകൾക്ക് മാത്രം പ്രാപ്യമായ സൗഭാഗ്യമായിരുന്നു. എന്നാൽ മാനവികതയുടെ വികാസത്തിലൂടെ ഇന്നാട്ടിലെ സ്ത്രീശക്തി ഇതിനെതിരെ ശബ്ദമുയർത്തി.

എന്നിരിക്കിലും ഉന്നതകുലജാതരായ സ്ത്രീകളുടെയും അവസ്ഥ സ്വസ്ഥമായിരുന്നില്ല. 'അടുക്കളയിൽ നിന്നരങ്ങത്തേക്ക്' ലും ലളിതാംബിക അന്തർജ്ജനത്തിന്റെ അഗ്നിസാക്ഷിയിലും കാണുന്നത് പോലെ ഓലക്കുടയ്ക്കുള്ളിലോ, അറയിലോ, അടുക്കളയിലോ മാത്രം ഒതുങ്ങിപ്പോയിരുന്നു അന്നത്തെ സവർണ്ണ സ്ത്രീകൾ - അവിടെ ദേവിബെഹനെ പോലെ സ്വന്തം സുഖമുപേക്ഷിച്ച് സമരമുഖത്തേക്ക് മാനവികതയുടെ സമത്വത്തിന്റെ സന്ദേശവുമായി സ്വധീര നായികമാർക്കു കൂടി അവകാശപ്പെട്ടതാണ് കേരളീയ നവോത്ഥാനം.

## അടിച്ചമർത്തലുകൾക്കെതിരെ

~~കേരളത്തിന്റെ~~ ഭരണഘടന ഇന്ത്യയിലെ തന്റെ പൗരന്മാർക്ക് നൽകുന്ന മൗലിക അവകാശമാണ് സഞ്ചാര സ്വാതന്ത്ര്യം. എന്നാൽ കേരളത്തിലുള്ളത് വഴിനടക്കാൻ അവകാശത്തിനായി സത്യാഗ്രഹം

ചെയ്ത സമര ചരിത്രമാണ്. ഒരുകാലത്ത് സർവ്വ സൃഷ്ടാവായി കാണുന്ന ദൈവത്തെ പോലും കാണാൻ, ദൈവത്തിന്റെ ഏറ്റവും നിഷിധമായ സൃഷ്ടിയെന്ന് ഒരു ജനവിഭാഗത്തെ മുദ്രകുത്തി ഇന്നാട്ടിലെ ചാതുർവർണ്ണ്യവും സവർണ്ണ മൂഢരും. അവിടെയാണ് മഹാത്മഗാന്ധി നേരിട്ട് സന്ദർശിച്ച വൈക്കം സത്യാഗ്രഹവും മറ്റും പ്രസക്തമാകുന്നത്. അമ്പല വഴിയെ നടക്കാനുള്ള അവകാശത്തിന് ജനങ്ങൾ സമരം ചെയ്തു.

മനുഷ്യനെ മനുഷ്യനായി കാണാത്ത ഒരു ജനവിഭാഗത്തോട് ജന്മിവരുന്ന വഴിയിൽ നിന്ന് ഒളിച്ചുമാറി ഇരുയടി ദൂരത്തിൽ കുമ്പിട്ടു നിർത്തിയ സാമൂഹ്യ അസമത്വത്തിനുമേൽ നേടിയ വലിയ വിജയം തന്നെയായിരുന്നു വൈക്കം സത്യാഗ്രഹത്തിന്റെ വിജയവും ഫലപ്രാപ്തിയും, ക്ഷേത്ര പ്രവേശന വിളംബരമെന്ന അഭിമാനവും മറ്റും. സ്വന്തം അവകാശങ്ങൾക്കായി ശക്തമായി പോരാടാൻ ഇത് ജനതയ്ക്ക് ശക്തി നൽകി.

## ഇരുളകറ്റുന്നവർ - ഗുരു

കേവലം ഒരു മതാചാര്യനോ സന്യാസിയോ ആയിരുന്നില്ല ശ്രീനാരായണ ഗുരു. അന്ന് മതപണ്ഡിതന്മാർ സ്വന്തം മതത്തെ നദികളായി കണ്ട് ആഴവും പരപ്പും പറഞ്ഞ് സമൂഹത്തെ വീണ്ടും പലതായി പിരിച്ചപ്പോൾ ഗുരു സമൂഹത്തിനോട് സംസാരിച്ചത് സർവ്വമതസാരവും ഒന്നായി ചേരുന്ന വലിയ സമുദ്രത്തെപ്പറ്റി ആയിരുന്നു. അത്തരത്തിൽ സമൂഹത്തിന്റെ ഉള്ളിൽ നിറഞ്ഞ അസമത്വത്തിന്റെ ഇരുളിനെ അകറ്റി മാനവികതയുടെ ഉണർവ്വിനെ, വെളിച്ചത്തെ സമ്മാനിച്ച യഥാർത്ഥ 'ഗുരു' ആയിരുന്നു അദ്ദേഹം. 'ജാതി ചോദിക്കരുത്' എന്ന് ആഹ്വാനം ചെയ്ത്

"ഒരുജാതി, ഒരുമതം
ഒരുദൈവം മനുഷ്യന്"

എന്ന് മാനവികതയെന്ന ഏകമതത്തിന്റെ പ്രചാരകനായി ഗുരു. അന്ന് സമൂഹത്തിൽ നിലനിന്നിരുന്ന പല അനാചാരങ്ങളെ അതിന്റെ നിരർത്ഥകത വ്യക്തമാക്കി, അവയെ നിർത്തലാക്കിയിരുന്നു.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

ശ്രീനാരായണ ഗുരു. മദ്യനിരോധനമെന്ന വലിയ സാമൂഹ്യ മുന്നേറ്റം അദ്ദേഹം അന്നേ തുടങ്ങി വച്ചു. മാനവികതയുടെ വികാസത്തിന് - നവോത്ഥാനത്തിന് വ്യക്തമായ സാമൂഹ്യ സ്വാധീനം ചെലുത്തിയ ഗുരുതന്നെ പറഞ്ഞു ഇനി ഇവിടെ വേണ്ടത് അമ്പലങ്ങളല്ല പള്ളിക്കൂടങ്ങളും വണിശാലകളും ആണെന്ന്.

## നവോത്ഥാനവും സാഹിത്യവും

ഇനിയും വളരെ സാമൂഹ്യ പരിഷ്കർത്താക്കളും സ്വാതന്ത്ര്യ സമര സേനാനികളുടെ ഉണ്ട് മാനവികതയുടെ വിത്തുകളുമായി നവോത്ഥാനം കൊയ്തവർ. സവർണ്ണ ജാഥയും - മന്നത്ത് പത്മനാഭനും, ചട്ടമ്പിസ്വാമികളും, പന്തിഭോജനം എന്ന മുന്നേറ്റവും, കെ. കേളപ്പനും കഴിഞ്ഞ് നിലുന്ന പട്ടിക.

മറ്റ് നവോത്ഥാനങ്ങൾ പോലെ അവ മിടിപ്പുമായി മാനവികതയുടെ സാമൂഹ്യ പരിതസ്ഥിതിയുടെ തുറന്നകാലത്ത് നടത്തിയ സാഹിത്യകൃതികൾക്കും അവയുടെ സൃഷ്ടികർത്താക്കൾക്കുമുണ്ട് വലിയ പങ്ക്,

സാമൂഹ്യ പുരോഗതിയിൽ നേരത്തെ സൂചിപ്പിച്ച രചനകൾ കൂടാതെ

'ഇതിനൊക്കെ പകരം ചോദിക്കാതെ-
ടങ്ങുമോ പഥികരെ നിങ്ങൾ തൻ
പിന്മുറക്കാർ' എന്നു ചോദിച്ച

ചങ്ങമ്പുഴയുടെ, നട്ടുനനച്ചു വളർത്തിയ കനി തിന്നാനുള്ള അവകാശം പോലും തട്ടിപ്പറിക്കപ്പെട്ട കുടിയാന്റെ കുഞ്ഞുങ്ങൾ ആവശ്യപ്പെട്ട മാനവികത. 'കാലുറച്ചു കൈകൾ കോർത്ത് നാം നടന്നു പോകണം' എന്ന് പാടിയ അംശി നാരായണപിള്ള മുന്നോട്ട് വച്ച സാഹോദര്യം. 'അസുരവിത്തിൽ എം.ടി. തുറന്നെഴുതിയ സാമൂഹ്യ വ്യവസ്ഥകളുടെ നിരർത്ഥകത, ഒക്കെയും കേരളീയ നവോത്ഥാനം കരുപ്പിടിപ്പിച്ച പ്രേരക ശക്തികൾ തന്നെ.

## മാനവികതയുടെ പുതുമാനങ്ങൾ

പറഞ്ഞു വച്ചതു പോലെ മാനവികതയിലൂന്നിയ നവോത്ഥാന ചിന്തകളുടെ പ്രയത്നത്തിന്റെ ഗുണഫലങ്ങളാണ് നമ്മുടെ ഇന തലമുറ അങ്ങനെ കൈമാറി വന്നതാണ് മലയാളിയുടെ

ഇന്നത്തെ സാമൂഹ്യ ബോധവും പ്രതികരണ ശേഷി
യും ഇന്ന് നാം വികസിതമായ സാമൂഹ്യ
സംവിധാനങ്ങളുടെ മേന്മയുമായി യാത്ര തുടരുന്നു.
എന്നാൽ മാനവികതയിലൂന്നിയ കേരളീയ
നവോത്ഥാനത്തിന് ഇനിയും കൊടിമരം താഴ്ത്തു
വാൻ കാലമായോ എന്നത് പ്രസക്തമാണ്.

അതിവേഗം വളരുന്ന സാങ്കേതിക
വിദ്യയുടെ പുതുലോകത്താണ് ഇന്ന് നാം.
അഭിമാനിക്കാവുന്ന വണ്ണം സാങ്കേതിക വിദ്യയുടെ
പ്രചാരത്തിലും പരിശീലനം നൽകുന്നതിലും കേരളം
മുന്നിൽ തന്നെ. എന്നിരിക്കിലും ഇക്കാലത്ത്
നേരിടേണ്ടി വന്നേക്കാവുന്ന പല വിപത്തുകളുടെ
കൂട്ടത്തിൽ വ്യാജവാർത്തകളിൽ തുടങ്ങി,
ഡിജിറ്റൽ അസമത്വം, ക്രിയാത്മകതയുടെ ശോഷണം,
ചൂഷണങ്ങൾ - ചിന്തയുടെ പോലും മോഷണങ്ങൾ (ന്യൂറ
ലിങ്ക് പോലെയുള്ള സങ്കേതിക വിദ്യകളുടെ പോക്ക്
അങ്ങോട്ടാണല്ലോ) ഒടുവിൽ യന്ത്രങ്ങൾ -
നിർമ്മിത ബുദ്ധി ഭരിക്കുന്ന ലോകമെന്ന വലിയ
വിപത്തിലേക്ക് കൂടി വിരൽ ചൂണ്ടുന്നു
സാമൂഹ്യവ്യവസ്ഥിതികൾ. ഇത്തരത്തിലുള്ള ഒരു

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

Item Code: 944 Participant Code: 029

64-ാമത് കേരള സ്കൂൾ കലോത്സവം, തൃശ്ശൂർ ★ പ്രോഗ്രാം കമ്മിറ്റി ★
തിയ്യതി....................

ദുരവസ്ഥയോ അപകടമോ സംജാതമാകുന്നതിന് മുന്നേ 'ഭയമല്ല ജാഗ്രതയാണ്' മലയാളിയുടെ മാനവികതയ്ക്കുണ്ടാവേണ്ടത്.

പ്രകൃതിസുരക്ഷയ്ക്ക്, സാമൂഹ്യനീതിക്ക്, സമത്വത്തിന്, സുസ്ഥിര വികസനത്തിനായുള്ള നവോത്ഥാനങ്ങൾ ഇനിയുമുണ്ടാകട്ടെ കേരളത്തിൽ. നിർമ്മിതബുദ്ധിയുടെ യാന്ത്രികതയ്ക്കുമേൽ മാനവികത വിജയിക്കട്ടെ. 'നമുക്കുനാമേ പണിവതു നാകം നരകവുമതുപോലെ'.

നവോത്ഥാനങ്ങൾ നാടിനെ മുന്നോട്ട് നയിക്കട്ടെ.

×———×